## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 684 03.11.2016-ലെ മറുപടി**

**വാട്ടർ അതോറിറ്റിയുടെ ആൻറി വാട്ടർതെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ആന്റണി ജോൺ<br>,, എസ്.രാജേന്ദ്രൻ : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ ജലമോഷണവും ജലം പാഴാക്കുന്നതും തടയുന്നതിന് വാട്ടർ അതോറിറ്റിയുടെ ആൻറി വാട്ടർതെഫ്റ്റ് സ്ക്വാഡ് നടത്തുന്ന പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ ഉണ്ട്. ആൻറി തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം റവന്യൂ മീറ്റിംഗുകളിൽ വിശകലനം ചെയ്ത് ജലമോഷണവും ജലം പാഴാകുന്നതും തടയുന്നത് ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കാറുണ്ട്. |
| ബി പ്രസ്തുത സ്ക്വാഡിന്റെ പ്രവർത്തനഫലമായി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി ഇത്തരം പ്രവർത്തനം റിപ്പോർട്ട് ചെയ്താൽ വാട്ടർ കണക്ഷൻ വിച്ഛേദിക്കൽ, ഫൈൻ ഈടാക്കൽ, നിയമ നടപടികൾ തുടങ്ങിയവ കൈക്കൊള്ളുന്നുണ്ട്. |
| സി വൻകിട വ്യവസായ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, ഫ്ളാറ്റുകൾ എന്നിവിടങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പിൽ മോട്ടോർ ഘടിപ്പിച്ച് വെള്ളം മോഷ്ടിച്ചതായ കേസുകൾ വർദ്ധിച്ചുവരുന്നത് പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ? | സി പരിശോധിച്ചിട്ടുണ്ട്. 2016 ജനുവരി മുതൽ ഒക്ടോബർ വരെ ഗാർഹികവും ഗാർഹികേതരവുമായ കണക്ഷനുകളിൽ മോട്ടോർ ഘടിപ്പിച്ച് ജലം മോഷ്ടിച്ചതിന് 73 കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫ്ലാറ്റുകളിൽ മോട്ടോർ ഘടിപ്പിച്ച് ജലം മോഷ്ടിച്ചതിന് ഒരു കേസിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെയും വൻകിട വ്യവസായ സ്ഥാപനങ്ങളിലും ഇത്തരത്തിൽ ജലമോഷണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ